പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2767** **21.06.2012 - ൽ മറുപടിക്ക്**

**ഹോട്ടലുകളിൽ വില നിയന്ത്രണത്തിന് നടപടികൾ**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ. കെ.എം. ഷാജി** | | **ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)** |
| എ) ഹോട്ടലുകളിൽ ഭക്ഷ്യവിഭവങ്ങളുടെ വില അടിക്കടി വർദ്ധിപ്പിക്കുന്നതു നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ) | ഹോട്ടലുകളിൽ വിൽക്കുന്ന ഭക്ഷ്യവസ്തുക്കളുടെ വില നിശ്ചയിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ഉള്ള അധികാരം സർക്കാരിനില്ല. എന്നാൽ, ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ വിലവിവരം പ്രദർശിപ്പിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. ആയതിന് 1977 ലെ കേരള ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്സ്) ഓർഡർ അനുസരിച്ചും 1955-ലെ ഇ.സി ആക്ട് അനുസരിച്ചും വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. ഭക്ഷ്യവിഭവങ്ങളുടെ വിലവർദ്ധനവ് ഒരു പരിധി വരെയെങ്കിലും നിയന്ത്രിക്കുന്നതിന് സർക്കാർ നിശ്ചയിക്കുന്ന കുറഞ്ഞ വിലയ്ക്ക് ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുന്ന 7 മാവേലി ഹോട്ടലുകൾ ഇപ്പോൾ സംസ്ഥാനത്തു പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ മാവേലി ഹോട്ടലുകൾ തുടങ്ങുന്നതിന് വ്യക്തികളോ സ്ഥാപനങ്ങളോ മുന്നോട്ട് വന്നാൽ ആയതിന് വേണ്ട സഹായസഹകരണങ്ങൾ നൽകുന്നതാണ്. |
| ബി) വിലനിലവാരം പ്രദർശിപ്പിച്ചിട്ടുള്ള ഹോട്ടലുകളുടെ ബില്ലിൽ ഓരോ ഐറ്റത്തിന്റെയും വില പ്രത്യേകം രേഖപ്പെടുത്താതെ ഒറ്റത്തുക മാത്രം എഴുതി നൽകുന്നതുമൂലം ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) & സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) എങ്കിൽ അതു പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**